P&M(A1) 3498/2025

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി: 26-07-2025

**സർക്കുലർ 23/2025**

വിഷയം: സഹകരണവകുപ്പ് - വിവിധ പദ്ധതി/പദ്ധതിയേതര ഇനങ്ങളിൽ ധനസഹായം അനുവദിച്ചത് - വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നത്-സംബന്ധിച്ച്.

സഹകരണ വകുപ്പിൽ നിന്നും പദ്ധതി/പദ്ധതിയേതര ഇനങ്ങളിലായി വിവിധ പ്രോജക്ടുകൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. ഇപ്രകാരം അനുവദിക്കുന്ന ധനസഹായം ഗുണഭോക്തൃ സഹകരണ സംഘത്തിന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് അനുവദിക്കുകയാണ് ചെയ്യുന്നത്. ടി ധനസഹായം ഉപയോഗിച്ച് നടപ്പിലാക്കുന്ന നിർദ്ദിഷ്ട പദ്ധതി 6 മാസത്തിനുള്ളിൽ പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് K F C ഫോം നമ്പർ 44-ൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അനുവദിക്കുന്ന ധനസഹായ തുക പലപ്പോഴും പൂർണ്ണമായി വിനിയോഗിക്കാതിരിക്കുന്നതും, പ്രോജക്ട് നടപ്പിലാക്കുന്നതിനായി സഹകരണ സംഘം വിഹിതമായി ചെലവാക്കേണ്ട തുക ചെലവാക്കാതെ വരുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അംഗീകരിച്ച പദ്ധതിയിൽ നിന്നും വകമാറ്റി ചെലവഴിക്കുന്ന സാഹചര്യവും നിലനിൽക്കുന്നു. ആയതിനാൽ KFC ഫോം നമ്പർ 44 നോടൊപ്പം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ ഘടകങ്ങളുടെ (components) വിനിയോഗം കൂടി ഉൾപ്പെടുത്തിയുള്ള വിശദവും സമഗ്രവുമായ വിനിയോഗ റിപ്പോർട്ട്, ഫോട്ടോഗ്രാഫ് ഉൾപ്പെടെ ഇതോടൊപ്പമുള്ള മാതൃകയിൽ വിനിയോഗ സാക്ഷ്യപത്രത്തോടൊപ്പം സമയക്രമം പാലിച്ച് സമർപ്പിക്കേണ്ടതാണ്.

**മാതൃക**

| Approved Project Components | Amount earmarked for each component as per detailed project report (DPR) [Rs. in Lakhs] | Amount sanctioned [Rs. in Lakhs] | Amount actually utilised [Rs. in Lakhs] | Unspent balance [Rs. in Lakhs] | Remarks (Details if any) |
|---|---|---|---|---|---|
| | | | | | |
| | | | | | |

Dr. D SAJITH BABU IAS
ഡോ. ഡി സജിത്ബാബു ഐഎഎസ്

സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് :-

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
2. എല്ലാജില്ലാസഹകരണജോയിന്റ് രജിസ്ട്രാർ/ഡയറക്ടർ(ജനറൽ/ആഡിറ്റ്) മാർക്കും.
3. എല്ലാഅസിസ്റ്റന്റ് രജിസ്ട്രാർ/ഡയറക്ടർ(ജനറൽ/ആഡിറ്റ് ) മാർക്കും
4. എല്ലാ സഹകരണസംഘങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന
5. എഡിറ്റർ/സഹകരണ വീഥി.
6. സ്റ്റോക്ക് ഫയൽ/വെബ് സൈറ്റ്.

//ആജ്ഞാനുസരണം//

**Signed by Reshmi V L**
**Date: 28-07-2025 11:41:57**
അസിസ്റ്റന്റ് രജിസ്ട്രാർ (P&M,A)